III ഇ.ബി. XII-കേരള നിയമസഭ /V-7

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 ജൂൺ 29, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*181, *182, &*183) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. അടിയന്തിരപ്രമേയം

വൈദ്യുതി ബോർഡിന്റെ 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഗ്ലോബൽ ടെണ്ടർ വിളിക്കാതെ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ചൈനീസ് കമ്പനിക്ക് കൊടുക്കാൻ തീരുമാനിച്ചതിലുള്ള ആശങ്കയും പ്രതിഷേധവുംമൂലമുളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ബാബുവും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയ നോട്ടീസിന് പട്ടികസമുദായക്ഷേമവും

ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

## III. ശ്രദ്ധ ക്ഷണിക്കൽ

(1) കാർഷിക മേഖലയിൽ സമഗ്രമായ ഒരു വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ.സി. ജോസഫ് കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ഗതാഗത വകുപ്പിൽ അമിതമായ യൂസേഴ്സ് ഫീ ഈടാക്കുന്നതുമൂലം അനുഭവപ്പെടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. വി. ശിവൻകുട്ടി ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV. സബ്മിഷൻ

(1) അന്യ സംസ്ഥാന ലോട്ടറി ഏജന്റുമാരിൽനിന്ന് ബോണ്ടായി പണം വാങ്ങിയത് സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

( പ്രസ്തുത മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

(2) സ്മാർട്ട് സിറ്റിയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ

നിയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം.എം. മോനായി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) വർക്കല ഓടയം സ്വദേശികൾക്ക് പോലീസ് സ്റ്റേഷനിൽ നേരിടേണ്ടിവന്ന വിഷമതകൾ സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷകൾ പാസ്സായ ബധിര-മൂക വിദ്യാർത്ഥികൾക്ക് തുടർപഠന സൗകര്യം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. പി.എം.എ. സലാം ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞി തയ്യാറാക്കുന്ന തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം.മുരളി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) "യോഗ" പാഠ്യ വിഷയമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി.എൻ. വാസവൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) വൈദ്യുതി ബോർഡ് വൈദ്യുതി റഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കോട്ടയം ജില്ലയിൽ എം.വി.ഐ.പി. കനാലുകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി

(9) ജനറൽ ആശുപത്രിയുടെ തകർന്ന കെട്ടിടം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. വി.സുരേന്ദ്രൻ പിള്ള ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(10) പമ്പാ പദ്ധതിയിലെ മണിയാർ ഡാമിന്റെ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) ശ്രീകൃഷ്ണപുരത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ശ്രീമതി കെ.എസ്. സലീഖ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(12) കൊല്ലം പുനലൂർ റൂട്ടിലെ യാത്രാക്ലേശം സംബന്ധിച്ച് ശ്രീ. കെ. രാജു ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(13) കോസ്റ്റൽ റഗുലേഷൻ സോൺസ് നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ ലംഘിച്ച് നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) ദേവികുളത്തെ മറയൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) ആറന്മുള മണ്ഡലത്തിലെ പേരൂർച്ചാൽ പാലം പണി സംബന്ധിച്ച് ശ്രീ. കെ.സി. രാജഗോപാലൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

( ഇതേ വിഷയം സംബന്ധിച്ച് ശ്രീ. കെ. ശിവദാസൻ നായരും സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

(16) നേമം മണ്ഡലത്തിലെ മരാമത്തു റോഡുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. എൻ. ശക്തൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(17) കടങ്ങോട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. എ.സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(18) കിളിമാനൂരിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. എൻ. രാജൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(19) നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ.കെ.കെ. ഷാജു ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(20) വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള ശുപാർശ പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.എം. യൂസഫ് ഉന്നയിച്ച സബ്മിഷന് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് നൽകിയ മറുപടിതന്നെയാണ് പറയാനുള്ളതെന്ന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി അറിയിച്ചു.

(21) പെരിന്തൽമണ്ണ സിവിൽ സ്റ്റേഷൻ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.വി. ശശികുമാർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(22) കൊട്ടിയൂർ, കേളകം പഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭത്തിന് ഇരയായവരുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. കെ. സി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(23) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടനും സംസാരിച്ചു.)

(24) കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകൾ ആലപ്പുഴ ഡിവിഷനിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.കെ. സദാശിവൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(25) പാലോട് ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീമതി ജെ. അരുന്ധതി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(26) തുറവൂർ-തൈക്കാട്ടുശ്ശേരി-മാക്കേകടവ്-നേരേക്കടവ് പാലങ്ങളും റോഡുകളും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(27) ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ പടന്നക്കാട്, നീലേശ്വരം റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(28) വൈക്കത്തെ കർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. അജിത് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

## V. വ്യക്തിപരമായ വിശദീകരണം

ചൈനീസ് കമ്പനിയുടെ ആവശ്യപ്രകാരം 28-10-04-ൽ എറണാകുളത്തുവച്ച് അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി എന്നുള്ള നിലയിൽ തന്റെ അദ്ധ്യക്ഷതയിൽ നടത്തിയ കോൺഫറൻസിൽ തീരുമാനിച്ചതനുസരിച്ചാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുമതി കൊടുത്തതെന്ന് പറഞ്ഞു. എന്നാൽ എഗ്രിമെന്റ് അനുസരിച്ചാണ് അവ നൽകാൻ തീരുമാനിച്ചതെന്നും കമ്പനി കരാർ വ്യവസ്ഥകൾ പാലിക്കാത്തതിനാലാണ് തുടർന്നുള്ള 14 ചെറുകിട പദ്ധതികൾ ചെയ്യാതിരുന്നതെന്നും 4 പദ്ധതികൾ തുടങ്ങിവച്ചതുകൊണ്ടാണ് അവ പൂർത്തീകരിച്ചതെന്നും ശ്രീ. ആര്യാടൻ മുഹമ്മദ് വിശദീകരിച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII. അറിയിപ്പ്

ബി.എ.സി.യുടെ തീരുമാനപ്രകാരം 2007 ജൂലൈ മാസം 2-ാം തീയതി സഭ സമ്മേളിക്കുന്നതല്ലെന്നും 2-7-2007-ൽ ചർച്ചയ്ക്ക് വരേണ്ടിയിരുന്ന

ധനാഭ്യർത്ഥനകളിന്മേലുള്ള ഖണ്ഡനോപക്ഷേപങ്ങൾ സ്വീകരിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## VIII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) ശ്രീ. വി.എസ്. സുനിൽ കുമാർ 2007 മാർച്ച് 23-ാം തീയതി അവതരിപ്പിച്ച പ്രമേയം (ചർച്ച തുടർച്ച)

പ്രമേയത്തെക്കുറിച്ച് ശ്രീ. വി.എസ്. സുനിൽകുമാറും പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. രാജാജി മാത്യൂ തോമസും സംസാരിച്ചു.

സർവ്വശ്രീ കെ.സി. വേണുഗോപാൽ, എം. ഹംസ, സി.ടി. അഹമ്മദ് അലി, ജോസ് തെറ്റയിൽ, ജോസഫ് എം. പുതുശ്ശേരി, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി പറഞ്ഞ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി താഴെപ്പറയുംപ്രകാരം ഭേദഗതികളോടുകൂടി പ്രമേയം അവതരിപ്പിച്ചു.

"റെയിൽവേ വികസനത്തിൽ കേരളത്തോടുള്ള അവഗണന ഈ സഭ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇന്ത്യയുടെ തെക്കെ അറ്റത്തുള്ള

ഈ സംസ്ഥാനത്തോട് റെയിൽവേ മന്ത്രാലയം നീതി പുലർത്തിയിട്ടില്ല. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

കേരളത്തിലെ റെയിൽവേയുടെ പ്രവർത്തനം തിരുവനന്തപുരം, പാലക്കാട് എന്നീ റെയിൽവേ ഡിവിഷനുകളുടെ കീഴിലാണ്. ഈ രണ്ട് ഡിവിഷനുകളെയും ചെന്നൈ ആസ്ഥാനമായുള്ള ദക്ഷിണ റെയിൽവേയുടെ കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നിവയുടെ കാര്യത്തിൽ ഈ രണ്ട് ഡിവിഷനുകളും വളരെ പിന്നിലാണ്. മംഗലാപുരം-ഷൊർണ്ണൂർ പാതയുടെ ഇരട്ടിപ്പിക്കൽ ഏതാണ്ട് പൂർത്തിയായെങ്കിലും വൈദ്യുതീകരണം ആരംഭിച്ചിട്ടില്ല. ഏറ്റവും കൂടുതൽ ട്രാഫിക്കുള്ള എറണാകുളം-കായംകുളം റെയിൽപ്പാത (ആലപ്പുഴ-കോട്ടയം വഴി) ഇരട്ടിപ്പിക്കൽ ഇനിയും ബാക്കിയാണ്. തിരുവനന്തപുരം തിരുനെൽവേലി റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും ഇനിയും ആരംഭിച്ചിട്ടില്ല. കേരളത്തിന്റെ ആദ്യ റെയിൽപ്പാതയായ കൊല്ലം-ചെങ്കോട്ട മീറ്റർഗേജായി തുടരുന്നു. അടുത്തിടെ അതിലൂടെയുള്ള സർവ്വീസും നിർത്തിവെച്ചിരിക്കുന്നു. പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പൂർത്തിയായാൽ മാത്രമേ കേരളത്തിൽ റെയിൽവേ വികസനം സാദ്ധ്യമാവുകയുള്ളു. ശബരി റെയിൽപ്പാത, ഗുരുവായൂർ - താനൂർ റെയിൽപ്പാത എന്നിവ നിശ്ചലാവസ്ഥയിലാണ്. പുതിയ റെയിൽവേ ലൈനുകളും പുതിയ സർവ്വേകളും ആരംഭിക്കേണ്ടതാണ്.

അതിനിടയിലാണ് കേരളത്തിലെ പാലക്കാട് ആസ്ഥാനമായ റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് പുതിയ സേലം ഡിവിഷൻ രൂപികരിക്കുവാനുള്ള ശ്രമവും, കേരളത്തിലുള്ള അനുബന്ധ ഓഫീസുകൾ ചെന്നൈയിലേക്ക്

മാറ്റുന്നതിനുള്ള നീക്കവും നടക്കുന്നത് എന്നത് ഈ അവഗണനയ്ക്ക് ആക്കം കൂട്ടുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവേയുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, നിരവധി പരിശ്രമങ്ങൾ നടത്തി. ഇതിന്റെ ഫലമായി, ഇദംപ്രഥമമായി ഈ വർഷത്തെ റെയിൽവേ ബജറ്റിൽ കേരളത്തിന് മോശമല്ലാത്ത പരിഗണന ലഭിച്ചു. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ ലോക നിലവാരത്തിലേക്ക് ഉയർത്തുക, ആലപ്പുഴയിലെ കോച്ചുഫാക്ടറി, കൊല്ലത്തെ എം.ഇ.എം.യു കാർഷെഡ്, കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണം, കൊച്ചുവേളി ടെർമിനലിന്റെ വിപുലീകരണം, പാത ഇരട്ടിപ്പിക്കലിനുവേണ്ടി നീക്കിവെച്ച 138 കോടി രൂപ, നഞ്ചങ്കോട്-നിലമ്പൂർ, മൈസൂർ-തലശ്ശേരി എന്നീ ലൈനുകളുടെ സർവ്വെ, തിരുവനന്തപുരം-മുംബൈ ഗരീബിരഥ് എന്നിവ ഇവയിൽ ഉൾപ്പെടും. എന്നിരുന്നാലും, രാജ്യത്തെ തെക്കെ അറ്റത്തെ ഒരു സംസ്ഥാനം എന്ന നിലയിലും ഏറ്റവും അധികം മലയാളികൾ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നു എന്നതിനാലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിന് വളരെ പ്രാധാന്യമുണ്ട്. യാത്രാവരുമാനത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലും റെയിൽവേയ്ക്ക് പ്രാധാന്യമേറെയാണ്. വളർന്നു വരുന്ന ഒരു വിനോദ സഞ്ചാര സംസ്ഥാനമെന്ന നിലയിലും കേരളത്തിന് പ്രത്യേക പരിഗണന ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും കേരളത്തിന്റെ പ്രധാന ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും തുടങ്ങിയ ആവശ്യങ്ങളും 2007-2008 റെയിൽവേ

ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും അടിയന്തിരമായി ആരംഭിക്കണമെന്നും സമയബന്ധിതമായി പൂർത്തിയാക്കണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.''

ശ്രീ. വി.എസ്. സുനിൽകുമാർ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുതിയോടെ പിൻവലിക്കപ്പെട്ടു.

മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) ''റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ആലപ്പുഴയിലെ റെയിൽ കോച്ച് ഫാക്ടറി, ''മുംബൈ - തിരുവനന്തപുരം ഗരീബ്രഥ്'', നഞ്ചൻകോട് നിലമ്പൂർ, തലശ്ശേരി-മൈസൂർ, ദണ്ടിഗൽ-കുമളി എന്നീ റെയിൽ പാതകൾക്കായി സർവ്വേ നടത്തൽ, കേരളത്തിലേയ്ക്ക് നിലവിലുള്ള ട്രെയിനുകളുടെ സർവ്വീസ് നീട്ടൽ, കൊല്ലത്ത് ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികളിൽ ഒന്നിന്റെയും പ്രാരംഭ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. തിരുവനന്തപുരത്ത് പ്രതിമാസം 100 കോച്ചുകളെങ്കിലും അറ്റകുറ്റപ്പണി ചെയ്യാവുന്ന തരത്തിലുള്ള ഒരു വർക്ക്ഷോപ്പ്, പെനിൻസുലാർ റെയിൽവേ സോൺ രൂപീകരിക്കൽ, എന്നീ ആവശ്യങ്ങളും കേരളം മുമ്പോട്ടുവച്ചിട്ടുള്ളതാണ്. കൂടാതെ പാതയിരട്ടിപ്പിക്കൽ, പാതകളുടെ വൈദ്യുതീകരണം, മേൽപ്പാലങ്ങളുടെ നിർമ്മാണം, തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കൽ, സ്റ്റേഷനുകളുടെ നവീകരണം തുടങ്ങിയ ജോലികൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ

ഉടനടി ആരംഭിക്കണമെന്നും നിർമ്മാണത്തിലുള്ളവ സമയബന്ധിതമായി പൂർത്തിയാക്കത്തക്ക വിധത്തിൽ പണികൾ ത്വരിതപ്പെടുത്തണമെന്നും, ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിക്കുകയും ശ്രീ. വി. ശിവൻകുട്ടി പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിക്കുകയും ചെയതു.

സർവ്വശ്രീ എം. മുരളി, ബാബു പോൾ, അബ്ദുറഹിമാൻ രണ്ടത്താണി, വി. സുരേന്ദ്രൻ പിള്ള, ജോസ് തെറ്റയിൽ, തോമസ് ഉണ്ണിയാടൻ എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്ക് നിയമവും പാർലമെന്ററികാര്യവും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

(3) " കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 12.25 -ലക്ഷത്തിൽ കവിയാൻ പാടില്ല എന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ച ശേഷം അതനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നത് നീതിക്ക് നിരക്കാത്തതും യുക്തിരഹിതവുമാണ്. ഈ നിർദ്ദേശം നടപ്പിലാക്കിയാൽ പട്ടിണിപ്പാവങ്ങളായ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാനിടയാകും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ മാത്രമല്ല, റേഷൻ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കാണ്. ഈ സാഹചര്യത്തിൽ അർഹതപ്പെട്ടവരെ ഒഴിവാക്കി

ലിസ്റ്റ് തയ്യാറാക്കാനുള്ള കേന്ദ്ര നിർദ്ദേശം പിൻവലിച്ച് അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുന്നു." എന്ന പ്രമേയം ശ്രീമതി ഇ.എസ്. ബിജി മോൾ അവതരിപ്പിച്ചു. ( ചർച്ച തുടരും)

(ശ്രീ എ.എം. യൂസഫിന്റെ പ്രമേയം ശ്രീമതി ഇ.എസ് ബി.ജി.മോളുടെ പ്രമേയത്തിന് സമാനമാണ്)

2007 ജൂലൈ മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.